## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4182 | | 20.03.2018-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| പ്ലാസ്റ്റിക് ഉല്പന്നങ്ങളുടെ നിലവാരം | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.പാറയ്ക്കൽ അബ്ദുല്ല<br>,, എൻ.ഷംസുദ്ദീൻ<br>,, സി.മമ്മൂട്ടി | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | പ്ലാസ്റ്റിക് കവറുകൾ (ക്യാരിബാഗുകൾ), പാനീയങ്ങൾ നിറച്ചുവരുന്ന പ്ലാസ്റ്റിക് കുപ്പികൾ, ഭക്ഷ്യസാധനങ്ങൾ പായ്ക്ക് ചെയ്തു വരുന്ന പ്ലാസ്റ്റിക് കവറുകൾ തുടങ്ങി സംസ്ഥാനത്തെത്തുന്ന പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ നിലവാരം കുറഞ്ഞവയാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;വ്യക്തമാക്കുമോ; | (എ) | ഉണ്ട് |
| (ബി) | പഞ്ചായത്തുകളിൽ കുടുംബശ്രീ അംഗങ്ങൾ ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ സംസ് ക്കരിക്കുന്നതിന് പലയിടത്തും മാലിന്യ പ്ലാന്റുകളില്ലെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. പഞ്ചായത്തുകളിൽ കുടുംബശ്രീ അംഗങ്ങൾ ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യം സംസ്കരിക്കുന്നതിന് മാലിന്യ പ്ലാന്റുകൾ എല്ലാ പഞ്ചായത്തുതലത്തിലും വേണം എന്നില്ല. പ്ലാസ്റ്റിക് അടക്കമുള്ള അജൈവ മാലിന്യം യൂസർഫീയുടെ അടിസ്ഥാനത്തിൽ ഹരിതകർമ്മസേന വീടുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും ശേഖരിച്ച് തദ്ദേശസ്ഥാപനതലത്തിൽ സ്ഥാപിച്ചിട്ടുള്ള മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്.) സെന്ററുകളിൽ എത്തിച്ചതിനു ശേഷം ബ്ലോക്കടിസ്ഥാനത്തിൽ സ്ഥാപിച്ചിട്ടുള്ള റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ്.) സെന്ററുകളിൽ രണ്ടാംതരം തിരിവിനും പുനഃചംക്രമണത്തിനും വിധേയമാക്കുകയും ഉപയോഗ ശൂന്യമായ പ്ലാസ്റ്റിക്കുകൾ ക്ലീൻ കേരള കമ്പനിയുടെ മേൽനോട്ടത്തിൽ സ്ഥാപിക്കുന്ന ഷ്രഡിങ് യൂണിറ്റുകളിൽ ഷ്രഡ് ചെയ്ത് റോഡ് ടാറിങ്ങിനു ലഭ്യമാക്കുകയും ചെയ്യുന്ന തരത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ഷ്രഡിങ് യൂണിറ്റുകൾ സ്ഥാപിച്ചു വരുന്നു. |

<table>
<tr>
<td>(സി)</td>
<td>അമ്പത് മൈക്രോണിന് താഴെയുള്ള പ്ലാസ്റ്റിക്കുകൾക്ക് പകരം തുണി, പേപ്പർ സഞ്ചി തുടങ്ങിയവ ഉപയോഗിക്കണമെന്ന സർക്കാർ നിർദ്ദേശം പാലിക്കപ്പെടുന്നുണ്ടോ;വിശദമാക്കാമോ;</td>
<td rowspan="2">(സി)<br>&<br>(ഡി)</td>
<td rowspan="2">കേന്ദ്രസർക്കാർ പുറപ്പെടുവിച്ച പ്ലാസ്റ്റിക് മാനേജ്മെൻറ് റൂൾസ് 2016-ൻറെ അടിസ്ഥാനത്തിൽ പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം സംബന്ധിച്ച മാർഗ നിർദ്ദേശം തദ്ദേശസ്വയംഭരണ വകുപ്പ് 24.09.2016-ലെ 576/ഡി.സി.1/16/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ വില്പന സാധനങ്ങൾ 50 മൈക്രോണിൽ കുറയാത്ത പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ മാത്രമേ വില്പന നടത്താൻ പാടുള്ളൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 50 മൈക്രോണിന് താഴെയുള്ള പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ ഉല്പാദിപ്പിക്കുകയും സംഭരിച്ച് വിതരണം ചെയ്യുകയും ചെയ്യുന്ന സ്ഥാപനങ്ങളിൽ പരിശോധന നടത്തി അവ പിടിച്ചെടുക്കുന്നതിനും പിഴ ഈടാക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കുന്നുണ്ട്</td>
</tr>
<tr>
<td>(ഡി)</td>
<td>ഇല്ലെങ്കിൽ ഇതു ഉറപ്പു വരുത്തുമോ; കൂടാതെ കനം കുറഞ്ഞ പ്ലാസ്റ്റിക് ഉത്പാദിപ്പിക്കുന്നവർക്കും വിൽപ്പനക്കാർക്കും ശിക്ഷയും പിഴയും ഉറപ്പാക്കുമോ;വ്യക്തമാക്കാമോ?</td>
</tr>
</table>

സെക്ഷൻ ഓഫീസർ